ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനങ്ങളായ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡ്, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ, ഓയിൽ ഫാം ഇൻഡ്യാ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് വനഭൂമി പാട്ടത്തിനു നൽകിയിട്ടുണ്ട്.

സ്വകാര്യ വ്യക്തികൾക്കായി പോത്തുണ്ടി, ഷെർനെല്ലി, രാജാക്കാട്, കാരപ്പാറ, കരടിമല, ഓറിയന്റൽ എസ്റ്റേറ്റ്, അലക്സാഡ്രിയ, വിക്ടോറിയ, മീരാ ഫ്ളോറ, ഹാരിസൺ മലയാളം പ്ലാന്റേഷൻ, കൊച്ചിൻ മലബാർ എസ്റ്റേറ്റ്, ടാറ്റാ ടീ തുടങ്ങിയ നാൽപ്പതിലേറെ പാട്ടങ്ങൾ ഉണ്ട്. ഇവയിൽ റോസരി, ബിയാട്രീസ് എസ്റ്റേറ്റുകൾ വനം വകുപ്പ് തിരിച്ചെടുത്തിട്ടുണ്ടെങ്കിലും അതിനെതിരെ കോടതിയിൽ കേസ് നിലവിലുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 1960-1980 കാലഘട്ടത്തിലാണ് നൽകിയത്. സ്വകാര്യ വ്യക്തികൾക്ക് നൽകിയ പാട്ടങ്ങൾ മിക്കവയും മുൻ തിരുവിതാംകൂർ--കൊച്ചി രാജാക്കൻമാർ 19-ാം നൂറ്റാണ്ടിൽ നൽകിയിട്ടുള്ളതാണ്. ഇവയിൽ ഏറ്റവും പഴമയേറിയ പാട്ടം 1907-ൽ നൽകിയതാണ്. സ്വാതന്ത്ര്യ ലബ്ധിക്കുശേഷം നൽകിയ ഏതാനും പാട്ടങ്ങളും ഉണ്ട്.

(സി) ആന്റ് (ഡി) ഇക്കാര്യം പരിഗണനയിലാണ്.

സ്വകാര്യഭൂമിയിലുള്ള മരം മുറിക്കുവാൻ നിയന്ത്രണം

135 [2106] ശ്രീ. ഇ. എം. അഗസ്തി:
,, ടി. എൻ. പ്രതാപൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. എം. പി. ഗംഗാധരൻ:
,, പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യഭൂമിയിലുള്ള ഏതെല്ലാം ഇനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുവാനാണ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇവ മുറിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമ മെന്താണ് എന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷ തീയതി മുതൽ എത്ര കാലത്തിനുള്ളിലാണ് ഈയിനത്തിൽപ്പെട്ട മരങ്ങൾ മുറിക്കുന്നതിനനുമതി നൽകാറുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) അപേക്ഷ തീയതി മുതൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ ഇത്തരം മരം മുറിക്കുന്നതിനുള്ള അനുമതി ലഭിച്ചില്ലെങ്കിൽ അനുമതിയില്ലാതെതന്നെ മരം മുറിക്കുവാൻ ഭൂവുടമയ്ക്ക് അധികാരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇത്തരം മരം മുറിക്കുന്നതിന് അനുമതി വേണമെന്ന നിബന്ധന അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1986-ലെ വൃക്ഷസംരക്ഷണ നിയമപ്രകാരം സ്വകാര്യഭൂമിയിൽ നിൽക്കുന്ന ചന്ദനം, തേക്ക്, ഈട്ടി, ഇരുൾ, തേമ്പാവ്, കമ്പഷം, ചെമ്പകം, ചടച്ചി, ചന്ദനവേപ്പ്, ചീനി എന്നീ പത്തിനം മരങ്ങൾ മുറിക്കുവാൻ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) അനുമതിക്കായി ബന്ധപ്പെട്ട വില്ലേജാഫീസറിൽനിന്നും വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതും മരങ്ങൾക്ക് സർക്കാർ ബാദ്ധ്യതഇല്ല എന്ന് തെളിയിക്കുന്നതുമായ സർട്ടിഫിക്കറ്റും മരം നിൽക്കുന്ന ഭൂമിയുടെ സ്കെച്ചും സഹിതം ഉടമസ്ഥൻ ബന്ധപ്പെട്ട റെയിഞ്ചോഫീസർക്ക് അപേക്ഷ നൽകണം. തേക്ക്, ഈട്ടി, ചന്ദനം എന്നിവ ഒഴികെയുള്ളവയുടെ അനുമതി റെയിഞ്ചോഫീസറാണ് നൽകുന്നത്. തേക്ക്, ഈട്ടി, ചന്ദനം എന്നിവയുടെ അനുമതി ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റാഫീസറാണ് നൽകുന്നത്.

(സി) സമ്പൂർണ്ണമായ അപേക്ഷ ബന്ധപ്പെട്ട അധികാരിക്ക് ലഭിച്ച് 15 ദിവസത്തിനുള്ളിൽ മരം മുറിക്കുന്നതിനുള്ള അനുമതി നൽകുന്നതാണ്.

(ഡി) നിലവിലുള്ള നിയമപ്രകാരം ബന്ധപ്പെട്ട അധികാരിയുടെ അനുമതിയില്ലാതെ മരം മുറിക്കുവാൻ ഭൂവുടമയ്ക്ക് അധികാരം നൽകാനാവില്ല.

(ഇ) 1986-ലെ വൃക്ഷസംരക്ഷണ നിയമത്തിൽ ഉൾപ്പെടുന്ന 10 ഇനം മരങ്ങളിൽ ചന്ദനം ഒഴികെയുള്ള 9 ഇനം മരങ്ങളും ഭൂവുടമയ്ക്ക് മുറിക്കാനുള്ള അവകാശം നൽകുന്ന ബിൽ പരിഗണനയിലാണ്.

വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും നാഷണൽ പാർക്കുകളും

136 [2108] ശ്രീ. തമ്പാനൂർ രവി:

,, കെ. സി. ജോസഫ്:

,, കെ. മോഹൻകുമാർ:

,, ജി. പ്രതാപവർമ്മ തമ്പാൻ:

,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളുണ്ട്;

(ബി) പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാമെന്നു കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) ഏതെല്ലാം വന്യമൃഗങ്ങൾക്കുവേണ്ടിയുള്ള സംരക്ഷണ കേന്ദ്രങ്ങളാണ് ഇവയെന്ന് വ്യക്തമാക്കുമോ;

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2107 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly